സൂറഃ-9

# അത്തൗബ

30. ഉസൈർ ദൈവപുത്രനെന്ന് യഹൂദർ ഘോഷിക്കുന്നു. മസീഹ് ദൈവപുത്രനെന്ന് ക്രൈസ്തവരും ഘോഷിക്കുന്നു. ഇതൊക്കെയും അവരുടെ വായകൊണ്ടുള്ള ജൽപനം മാത്രമാകുന്നു. നേരത്തെ സത്യനിഷേധികളായവരുടെ ജൽപനങ്ങളോട് സാദൃശ്യപ്പെടുകയാണവർ. ആശ്ചര്യകരം തന്നെ; എങ്ങനെയാണവർ വഴിതെറ്റിക്കപ്പെടുന്നത്!

وَقَالَتِ ٱلْيَهُودُ عُزَيْرٌ ٱبْنُ ٱللَّهِ وَقَالَتِ ٱلنَّصَٰرَى ٱلْمَسِيحُ ٱبْنُ ٱللَّهِ ۖ ذَٰلِكَ
قَوْلُهُم بِأَفْوَٰهِهِمْ ۖ يُضَٰهِـُٔونَ قَوْلَ ٱلَّذِينَ كَفَرُوا۟ مِن قَبْلُ ۚ قَٰتَلَهُمُ ٱللَّهُ ۚ
أَنَّىٰ يُؤْفَكُونَ ﴿٣٠﴾

وَقَالَتِ ٱلْيَهُودُ = യഹൂദർ പറഞ്ഞു(ഘോഷിക്കുന്നു) عُزَيْرٌ ٱبْنُ ٱللَّهِ= ഉസൈർ ദൈവ പുത്രൻ(എന്ന്)
وَقَالَتِ ٱلنَّصَٰرَى= നസ്രായരും പറഞ്ഞു(ക്രൈസ്തവരും ഘോഷിക്കുന്നു) ٱلْمَسِيحُ= മസീഹ്, മിശിഹ ٱبْنُ ٱللَّهِ= ദൈവപുത്രൻ (എന്ന്)
ذَٰلِكَ= അത് (ഇതൊക്കെയും) قَوْلُهُم = അവരുടെ വാക്കുകൾ(ജൽപനം മാത്രം) ആകുന്നു
بِأَفْوَٰهِهِمْ= അവരുടെ വായ്കൾ കൊണ്ടുള്ള يُضَٰهِـُٔونَ= സാദൃശ്യപ്പെടുകയാണവർ
قَوْلَ ٱلَّذِينَ كَفَرُوا۟ = സത്യനിഷേധികളായവരുടെ വാക്കിനോട്(ജൽപനങ്ങളോട്) مِن قَبْلُ= മുമ്പ്, നേരത്തെ
قَٰتَلَهُمُ ٱللَّهُ= അല്ലാഹു അവരെ ശിക്ഷിക്കട്ടെ, ശപിക്കട്ടെ, ആശ്ചര്യകരം തന്നെ أَنَّىٰ= എവിടെ നിന്നാണ്, എങ്ങനെയാണ്
يُؤْفَكُونَ= അവർ തെറ്റിക്കപ്പെടുന്നത്

**30:** മുൻ സൂക്തത്തിൽ വേദക്കാരെ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കാത്തവർ എന്നു വിശേഷിപ്പിച്ചതിന്റെ കാരണം വെളിപ്പെടുത്തുകയാണ് ഈ സൂക്തം. 'യഹൂദർ ഉസൈറിനെ ദൈവപുത്രനെന്നു ഘോഷിക്കുന്നു' എന്നു പ്രസ്താവിച്ചത്, എല്ലാ യഹൂദരും അദ്ദേഹം ദൈവപുത്രനാണെന്നു വാദിക്കുന്നു എന്ന അർഥത്തിലല്ല. യഹൂദരിൽ ചില വിഭാഗങ്ങൾ മാത്രമേ അങ്ങനെ വാദിച്ചിരുന്നുള്ളൂ. മദീനയിലും പരിസരത്തുമുണ്ടായിരുന്ന യഹൂദർ അക്കൂട്ടത്തിൽ പെട്ടവരായിരുന്നു. ദൈവപുത്രൻ എന്ന് സംബോധന ചെയ്തിരുന്നില്ലെങ്കിലും ആരാധ്യനായ ഒരു ആചാര്യനായിട്ടായിരുന്നു ഇതര യഹൂദ വിഭാഗങ്ങളും ഉസൈറിനെ ഗണിച്ചിരുന്നത്. ഇന്നത്തെ ജൂത മതഗ്രന്ഥങ്ങളിൽ ഉസൈറിനെ ദൈവപുത്രനായി വർണിച്ചു കാണുന്നില്ല എന്നതുകൊണ്ട്, അങ്ങനെ വാദിക്കുന്നവർ അവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നില്ല എന്നു വരുന്നില്ല. പ്രമാണ ഗ്രന്ഥങ്ങളിലില്ലാത്ത പല ആശയങ്ങളും ആചാരങ്ങളും എല്ലാ മതക്കാരിലും ചില കാലങ്ങളിൽ പ്രചാരം നേടാറുണ്ട്. അതിൽ ചിലത് മതത്തിന്റെ അടിസ്ഥാന സിദ്ധാന്തങ്ങൾക്കു വിരുദ്ധമാവുക എന്നതും അപൂർവമല്ല. കേരളത്തിലെ മുസ്‌ലിം സമുദായത്തിൽതന്നെ ഇതിന് ഉദാഹ

രണങ്ങൾ കാണാൻ കഴിയും.

ഈ സൂക്തം അവതരിക്കുന്ന കാലത്ത് ഉസൈറിനെ ദൈവപുത്രനായി കരുതുന്ന ആരും ഇസ്രയേല്യരിൽ ഉണ്ടായിരുന്നില്ലെങ്കിൽ തീർച്ചയായും അതിനെതിരെ ചോദ്യം ഉയർന്നുവരുമായിരുന്നു. തൊട്ടടുത്ത സൂക്തത്തിൽ വേദക്കാർ മതപണ്ഡിതന്മാരെയും പുരോഹിതന്മാരെയും റബ്ബുകളാക്കി എന്നു പ്രസ്താവിച്ചിട്ടുണ്ട്. ഈ പ്രസ്താവനയെ വേദക്കാർ ചോദ്യം ചെയ്യുകയുണ്ടായി. തങ്ങൾ പണ്ഡിതന്മാരെയും പുരോഹിതന്മാരെയും റബ്ബുകളാക്കുന്നില്ല എന്നു വാദിച്ച അവർക്ക്, നബി(സ) എങ്ങനെയാണവർ അക്കൂട്ടരെ റബ്ബുകളാക്കുകയും ആരാധിക്കുകയും ചെയ്യുന്നതെന്ന് വിശദീകരിച്ചുകൊടുക്കുകയും ചെയ്തു. ഈ വിധത്തിൽ ഒരു ചോദ്യം ഉയർന്നുവരാതിരുന്നത് ഉസൈറിനെ ദൈവപുത്രനായി കരുതുന്ന ചില യഹൂദരെങ്കിലും അന്നുണ്ടായിരുന്നതുകൊണ്ടാണ്. ഇബ്നു അബ്ബാസിൽനിന്ന് ഇബ്നു അബീഹാതിം ഉദ്ധരിക്കുന്ന സംഭവം അതിനെ സാക്ഷ്യപ്പെടുത്തുന്നുമുണ്ട്. അദ്ദേഹം പറയുന്നു: “ഒരിക്കൽ സലാം ഇബ്നു മിശ്ക്ക് നുഅ്മാൻ ഇബ്നു അബീഔഫാ, ശംസ്ഇബ്നു ഖൈസ്, മാലിക്ക് ഇബ്നു സ്വൈഫ് എന്നീ യഹൂദർ നബി(സ)യെ സന്ദർശിച്ചിട്ട് അദ്ദേഹത്തോടു ചോദിച്ചു: താങ്കൾ ഞങ്ങളുടെ ഖിബ്ലയെ ഉപേക്ഷിച്ചുകളഞ്ഞു, ഉസൈർ ദൈവപുത്രനാണെന്ന് അംഗീകരിക്കുന്നുമില്ല, എന്നിരിക്കെ ഞങ്ങൾക്കെങ്ങനെ താങ്കളെ പിന്തുടരാൻ കഴിയും?” ഇതെത്തുടർന്ന് ........وَقَالَتِ ٱلْيَهُودُ എന്ന സൂക്തം അവതരിച്ചു.

ബൈബിൾ എസ്ര(EZRA) എന്നു പരാമർശിക്കുന്ന യഹൂദ മതപരിഷ്കർത്താവാണ് ഈ സൂക്തത്തിൽ പറയുന്ന ഉസൈർ. എസ്രായുടെ ശരിയായ അറബി രൂപം عزرا എന്നാണ്. സ്നേഹവാത്സല്യങ്ങൾ സൂചിപ്പിക്കാൻ പേരിനോടൊപ്പം കൊച്ച്, കുഞ്ഞ് എന്നൊക്കെ ചേർത്തുവിളിക്കുന്ന രീതി നമ്മുടെ ഭാഷയിലുണ്ടല്ലോ. ‘കുഞ്ഞ്’ എന്ന് അർഥം വരുന്നതിന് നാമത്തെ ഭേദപ്പെടുത്തുകയാണ് അറബികളുടെ രീതി. ഇതിന് تصغير എന്നു പറയുന്നു. عزرا യെ സ്നേഹവാത്സല്യസൂചകമായി تصغير ചെയ്ത രൂപമാണ് عُزيْر. സഹ്ലിനെ സുഹൈലും അബ്ദിനെ ഉബൈദും ആക്കുന്നതുപോലെ.

ബാബിലോണിയൻ രാജാവ് ബുഖ്ത് നസർ ജറൂസലമിനെ ആക്രമിച്ചു തകർക്കുകയും ഇസ്രാഈല്യരെ അവിടെനിന്ന് പുറത്താക്കുകയും ചെയ്തതിനെത്തുടർന്ന് തൗറാത്തും അവർക്ക് നഷ്ടമായി. തൗറാത്തിന്റെ കോപ്പികൾ രാജകൽപന പ്രകാരം ചുട്ടുകരിച്ചുവെന്നും അതു കൈവശം വെക്കുന്നവർക്ക് വധശിക്ഷ വിധിച്ചിരുന്നുവെന്നുമാണ് പറയപ്പെടുന്നത്. ബാബിലോണിലെ പ്രവാസകാലത്ത് ഇസ്രാഈല്യർ തദ്ദേശീയമായ വിഗ്രഹമതത്തിന്റെ ആചാരങ്ങൾക്കും വിശ്വാസങ്ങൾക്കും വിധേയരായിരുന്നു. പിന്നീട് പേർഷ്യൻ ചക്രവർത്തി അവർക്ക് ഫലസ്തീനിലേക്ക് തിരിച്ചു പോകാനും ജറൂസലമിൽ സുലൈമാൻ നബി നിർമിച്ച ദേവാലയം പുതുക്കിപ്പണിയാനും അനുവാദം നൽകി. ബി.സി അഞ്ചാം നൂറ്റാണ്ടിലായിരുന്നു ഇത്. ഇക്കാലത്തെ മതപരിഷ്കർത്താവായിരുന്നു എസ്രാ. നഷ്ടപ്പെട്ട തോറ അദ്ദേഹം പൂർണമായി പുനഃസമാഹരിച്ചു. എസ്രാ സ്വന്തം ഓർമയിൽ നിന്നെടുത്ത് തോറ എഴുതുകയായിരുന്നുവെന്നും അതല്ല, തോറയുടെ ഭാഗങ്ങൾ ഹൃദിസ്ഥമാക്കിയ ഇസ്രാഈല്യരിൽനിന്ന് സമാഹരിക്കുകയായിരുന്നുവെന്നും അതുമല്ല, ദൈവം മൂസാനബിക്ക് അവതരിപ്പിച്ചു കൊടുത്തതുപോലെ വീണ്ടും പൂർണരൂപത്തിൽ അവതരിപ്പിച്ചുകൊടുക്കുകയായിരുന്നുവെന്നും ഒക്കെ പ്രസ്താവങ്ങളുണ്ട്. ഏതു രൂപത്തിലായാലും തങ്ങളുടെ സർവസ്വമായി കരുതിയിരുന്ന തൗറാത്ത് വീണ്ടെടുത്ത എസ്രായെ ഇസ്രാഈല്യർ ദൈവതുല്യനായി ആദരിച്ചതിൽ അത്ഭുതമില്ല. ബാബിലോൺ പ്രവാസം ദൈവത്തിന് പങ്കാളികളെയും മക്കളെയുമൊക്കെ കൽപിക്കുന്നതിനോട് അവരുടെ മനസ്സിനെ ഏറെ അടുപ്പിക്കുകയും ചെയ്തിരുന്നു.

എസ്രായുടെ തോറാ സമാഹരണത്തിന്റെ ആധികാരികത സംബന്ധിച്ച് ഗവേഷകന്മാർ സംശയം പ്രകടിപ്പിച്ചിട്ടുണ്ട്. അത് അദ്ദേഹം ഓർമയിൽനിന്നെടുത്തെഴുതിയതോ മറ്റുള്ളവരുടെ ഓർമ കേട്ടെഴുതിയതോ ആണെങ്കിൽ മൂലത്തിൽ ഇല്ലാത്ത പലതും വന്നു ചേർന്നിരിക്കാനും ഉള്ള പലതും നഷ്ടപ്പെട്ടിരിക്കാനും സാധ്യത ഏറെയാണ്. തൗറാത്ത് പൂർണരൂപത്തിൽ അല്ലാഹു അദ്ദേഹത്തിനവതരിപ്പിച്ചുകൊടുത്തതായിരുന്നുവെങ്കിൽ തൗറാത്തും ഇഞ്ചീലും ഖുർആനും അക്കാര്യം പ്രാധാന്യപൂർവം എടുത്തുപറയേണ്ടതാണ്. ഖുർആൻ ഒരു പ്രവാചകനായിപോലും അദ്ദേഹത്തെ വിശേഷിപ്പിക്കുന്നില്ല. എസ്രാ വീണ്ടെടുത്ത തൗറാത്തുമല്ല ഇന്ന് യഹൂദരുടെ കൈവശമുള്ളത് എന്ന് അഭിപ്രായപ്പെടുന്ന ഗവേഷകരുമുണ്ട്. എസ്രാക്കുശേഷം സിറിയൻ രാജാവ് അന്തിയോക്കസ് ജറൂസലം കീഴടക്കിയ കാലത്ത് അന്നത്തെ തൗറാത്തിന്റെ പല ഭാഗങ്ങളും നഷ്ടപ്പെടുകയും കാലങ്ങൾക്കുശേഷം പുനഃസംരചിക്കുകയും ചെയ്തതായി അവർ ചൂണ്ടിക്കാണിക്കുന്നു. അല്ലാഹു അവതരിപ്പിച്ച ഒറിജിനൽ തൗറാത്തല്ല ഇന്ന് യഹൂദരുടെ കൈവശമുള്ളത് എന്ന ഇസ്‌ലാമിന്റെ കാഴ്ചപ്പാടിനെ സാധൂകരിക്കുന്നതാണ് ഈ ഗവേഷണ വീക്ഷണങ്ങൾ.

ഈസാ നബിയെക്കുറിച്ച് ക്രൈസ്തവർ പുലർത്തുന്ന തെറ്റായ വിശ്വാസങ്ങളെക്കുറിച്ച് നേരത്തെ *ആലുഇംറാൻ, അന്നിസാഅ്, അൽമാഇദ* സൂറകളിൽ പ്രസ്താവിച്ചിട്ടുണ്ട്. ഈസാ(അ) ദൈവപുത്രനാണെന്നാണ് ക്രൈസ്തവർ പൊതുവിൽ വിശ്വസിക്കുന്നത്. അതുവഴി യഥാർഥ ഏകദൈവവിശ്വാസത്തിൽനിന്ന് യഹൂദരെപ്പോലെ ക്രൈസ്തവരും വ്യതിചലിച്ചുപോയിരിക്കുന്നു. യാഥാർഥ്യത്തിൽനിന്ന് വ്യതിചലിക്കുന്നവർ യാഥാർഥ്യവിരുദ്ധമായതിലാണെത്തിച്ചേരുക. അത് യാഥാർഥ്യത്തിന്റെ നിഷേധം തന്നെയാണ്.

ذَٰلِكَ قَوْلُهُم بِأَفْوَٰهِهِمْ എന്നവാക്യം, യഹൂദരുടെയും ക്രൈസ്തവരുടെയും ദൈവപുത്ര വിശ്വാസത്തിന്റെ അടിസ്ഥാന രാഹിത്യത്തെയും യുക്തി ശൂന്യതയെയും വെളിപ്പെടുത്തുകയാണ്. അവരങ്ങനെ ജൽപിക്കുന്നു, അവരുടെ വായിൽനിന്നുതിരുന്ന ശബ്ദം എന്നതിലപ്പുറം ഒരടിസ്ഥാനവും ഈ വാദത്തിനില്ല. താൻ ആരെയെങ്കിലും പുത്രനായി സ്വീകരിച്ചുവെന്ന് അല്ലാഹു പറയുന്നില്ല. അവന്റെ ദൂതന്മാർ പറയുന്നില്ല. അല്ലാഹു അവതരിപ്പിച്ച വേദങ്ങളും പറയുന്നില്ല. എന്തിനേറെ ദൈവപുത്രന്മാരെന്ന് ആരോപിക്കപ്പെടുന്നവർ തന്നെയും അങ്ങനെ അവകാശപ്പെട്ടിട്ടില്ല. ഇതൊന്നുമല്ലാത്ത മറ്റുതെളിവുകളും ഇല്ല. ഭൗതികമായ അനുഭവങ്ങളും കാര്യകാരണ വ്യവസ്ഥയും മനുഷ്യന്റെ യുക്തിബോധവുമെല്ലാം അതിനെതിരാണ്. ദൈവത്തിനു മകൻ ജനിക്കുക എന്നതിനർഥം, ദൈവം മനുഷ്യനെപ്പോലെ ജനന മരണങ്ങൾക്ക് വിധേയമായ അസ്തിത്വമാണെന്നാണ്. അങ്ങനെയുള്ള ഒരസ്തിത്വം അനാദിയും അനന്തവും സർവശക്തവുമായിരിക്കുക അസാധ്യമാണ്. അങ്ങനെ ദൈവപുത്രസങ്കൽപം ദൈവനിഷേധത്തിലെത്തുന്നുവെന്ന് സാധാരണ യുക്തികൊണ്ട് മനസ്സിലാക്കാവുന്നതേയുള്ളൂ. അത്ഭുതം! എന്നിട്ടും ബുദ്ധിയും വിജ്ഞാനവും വേണ്ടുവോളമുള്ള ഇക്കൂട്ടർ എങ്ങനെ ഈ സത്യത്തിൽനിന്ന് വ്യതിചലിപ്പിക്കപ്പെടുന്നു?!

ഏകദൈവത്വം ഉദ്ഘോഷിക്കുന്ന വേദങ്ങളും പ്രവാചക പാരമ്പര്യങ്ങളും കൈവശം വെച്ചുകൊണ്ട് അതിനു കടകവിരുദ്ധമായി വിഗ്രഹാരാധകരുടെ അന്ധവിശ്വാസങ്ങളും അനാചാരങ്ങ

ളും സ്വാംശീകരിക്കുകയാണ് ദൈവത്തിന് പുത്രന്മാരെ സങ്കൽപിക്കുന്നതിലൂടെ ഇക്കൂട്ടർ ചെയ്യുന്നത്. يُضَٰهِـُٔونَ قَوْلَ ٱلَّذِينَ كَفَرُوا۟ مِن قَبْلُ എന്നാണ് മൂലവാക്യം. നേരത്തെ സത്യനിഷേധികളായവർ എന്നതുകൊണ്ടുദ്ദേശ്യം ദൈവം ഏകനാണ് എന്ന സത്യത്തെ നിഷേധിച്ച് ബഹുദൈവാരാധന കൈക്കൊണ്ട പൂർവികരാണ്. സദൃശമാവുക, അനുകരിക്കുക എന്നർഥമുള്ള مضاهاة ൽനിന്നുള്ള ക്രിയയാണ് يُضَٰهِـُٔونَ. സ്തനവും ആർത്തവവും ഇല്ലാത്ത സ്ത്രീയെ 'പുരുഷതുല്യ' എന്ന അർഥത്തിൽ امرأة ضهياء എന്നുപറയും. ഇന്ത്യ, ചൈന, ബാബിലോൺ, ഈജിപ്ത്, ഗ്രീസ്, റോം തുടങ്ങിയ രാജ്യങ്ങളിലെല്ലാം പുത്രകളത്രാദികളുള്ള നിരവധി ദൈവങ്ങൾ പ്രചാരത്തിലുണ്ടായിരുന്നു. പൗരാണിക യവന സംസ്കാരത്തിൽനിന്ന് പകർത്തപ്പെട്ടതാണ് ക്രൈസ്തവമതത്തിലെ ത്രിയേകത്വ സങ്കൽപവും ദൈവപുത്ര സങ്കൽപവും എന്നത് ഒരു ചരിത്ര സത്യമാണ്. ബഹുദൈവത്വപരമായ ആശയങ്ങളും ആചാരങ്ങളും പാമര ജനങ്ങളെ പെട്ടെന്ന് ആകർഷിക്കും. ഉൽബുദ്ധതയും വിശ്വാസദാർഢ്യവുമുള്ളവർക്കുമാത്രമേ ഈ പൈശാചിക പ്രലോഭനത്തിൽനിന്ന് മാറിനിൽക്കാനാവൂ. മൂസാനബിയോടൊപ്പം മരുഭൂമിയിൽ വസിക്കുന്ന കാലത്ത് ഇസ്രാഈല്യർ ഗോപൂജയിലേർപ്പെടുകയുണ്ടായി. ഇതര ജനങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുന്നതു കണ്ടപ്പോൾ അതുപോലെ ആരാധിക്കാൻ തങ്ങൾക്കും വിഗ്രഹം വേണമെന്ന് അവർ മൂസാനബിയോട് ആവശ്യപ്പെടുകയും ചെയ്തു. മുസ്‌ലിംകൾക്കിടയിൽ ഖബ്റാരാധന നടത്തുന്നവർ എങ്ങനെയൊക്കെ ന്യായീകരിച്ചാലും അതിനവർക്കു പ്രചോദനമാകുന്നത് മറ്റു മതക്കാരുടെ വിഗ്രഹാരാധനയാണ് എന്നത് അനിഷേധ്യമാകുന്നു.

قَٰتَلَهُمُ ٱللَّهُ എന്ന വാക്യത്തിന്റെ ഭാഷാർഥം, അല്ലാഹു അവരോട് പടവെട്ടട്ടെ എന്നാണ്. ശാപ സൂചകമായും ആശ്ചര്യ സൂചകമായും ഉപയോഗിക്കുന്ന ഒരു പ്രയോഗമാണിത്. ശാപ സൂചകമാകുമ്പോൾ അവരിൽ ദൈവശാപമുണ്ടാവട്ടെ, ദൈവം അവരെ ശിക്ഷിക്കട്ടെ എന്നാണർഥം. ആശ്ചര്യസൂചകമാകുമ്പോൾ അത്ഭുതകരം തന്നെ, എത്ര വിചിത്രം എന്നും.

أَنَّىٰ يُؤْفَكُونَ എന്ന വാക്ക് നേരത്തെ സൂറ *അൽമാഇദ*യിൽ ഈസാനബിയെക്കുറിച്ചുള്ള പ്രഭാഷണത്തിലും വന്നിട്ടുണ്ട്. പിന്നീട് *അൽഅൻആം* 95-ാം വാക്യത്തിലും വന്നിരിക്കുന്നു. ഒരു സംഗതിയെ അതിന്റെ ശരിയായ ദിശയിൽനിന്ന് തെറ്റിക്കുകയാണ് افك. വ്യാജം എന്ന അർഥത്തിലും സാധാരണ ഉപയോഗിക്കുന്നു. افك-ൽനിന്നുള്ള ഭാവികാല ബഹുവചന കർമണി വാക്യമാണ് يُؤْفَكُونَ. ബുദ്ധി യാഥാർഥ്യബോധത്തിൽനിന്ന് തെറ്റിക്കപ്പെടുക എന്നാണ് ഇവിടെ ആശയം. أَنَّىٰ എന്ന പദത്തിന്റെ ഭാഷാർഥം എവിടെ എന്നാണെങ്കിലും എങ്ങനെ എന്ന അർഥത്തിലും സാധാരണ ഉപയോഗിച്ചു വരുന്നു. വചന താൽപര്യം ഇതാണ്: ഉസൈറും ഈസാ മസീഹും ദൈവപുത്രന്മാരാണെന്ന വാദത്തിന് അവരുടെ വായിൽനിന്നുതിരുന്ന ശബ്ദങ്ങൾ എന്നതിൽ കവിഞ്ഞ് പ്രമാണങ്ങളുടെയോ യുക്തിബോധത്തിന്റെയോ യാതൊരു പിന്തുണയുമില്ല. ദൈവിക പ്രമാണങ്ങളോ യുക്തി വിചാരമോ സന്മാർഗ ബോധമോ ഒന്നുമല്ല അവരെ ഈ മിഥ്യകളിൽ വിശ്വസിക്കാൻ പ്രേരിപ്പിക്കുന്നത്. നേരത്തെ സത്യവും ധർമവും തള്ളിക്കളഞ്ഞ് അസത്യവും അധർമവും കൈക്കൊണ്ട വിഗ്രഹാരാധകരോട് താദാത്മ്യം പ്രാപിക്കാനുള്ള താൽപര്യമാണവരെ നയിക്കുന്നത്. ഇക്കൂട്ടർ വേദഗ്രന്ഥങ്ങൾ കൈയിൽ വെച്ചുകൊണ്ട് ഇങ്ങനെ പ്രവർത്തിക്കുന്നത് അത്ഭുതകരം തന്നെ. അഥവാ ദൈവം അവരെ ശപിക്കട്ടെ. എങ്ങനെയാണിവരുടെ യുക്തിയും വിവേകവും ഈവിധം വ്യതിചലിച്ചു പോകുന്നത്?! ■